# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 438

19.10.2011 ൽ മറുപടിയ്ക്ക്

## പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ഓഹരി മൂലധനം

**ചോദ്യം**

ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. റ്റി. എൻ. പ്രതാപൻ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ബാങ്കുകളെയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സാധാരണക്കാരെ സഹായിക്കുന്നതിന് നിലനിൽക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കാണുന്നതിനാൽ നിക്ഷേപങ്ങൾ കൂടുതലായി സ്വരൂപിക്കുകയും, അതോടൊപ്പം കാർഷിക -കാർഷികേതര ആവശ്യങ്ങൾക്ക് പരമാവധി വായ്പകൾ നൽകുകയും ചെയ്തു വരുന്നുണ്ട്. ലാഭമുണ്ടാക്കുക എന്ന ഉദ്ദേശ്യത്തിലുപരി സംഘങ്ങൾ നിൽക്കേണ്ടതാണെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ വായ്പയോടൊപ്പം തന്നെ കാർഷിക അനുബന്ധ ആവശ്യങ്ങൾക്കും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വളം വിൽപ്പന, ഗോഡൗൺ നിർമ്മിക്കുക തുടങ്ങി എല്ലാ ആവശ്യങ്ങൾക്കും സഹായം നൽകി വരുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിൽ പദ്ധതി വിഹിതമായി തുക നൽകി വരുന്നു. ഇതിന്

പുറമേ സഹകരണ സംഘങ്ങളുടെ കീഴിലുള്ള സ്വാശ്രയ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്വയം സഹായ ഗ്രൂപ്പുകൾക്ക് പ്രാഥമിക ചെലവുകൾക്കായി പലിശ സബ്സിഡി ഒഴികെയുള്ള സഹായവും നൽകി വരുന്നു. ദുർബലമായ സംഘങ്ങളെ സഹായിക്കുന്നതിനായി ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ ധനസഹായം അനുവദിച്ചു വരുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ കൂടുതൽ കാർഷിക വായ്പകൾക്കും നെൽകൃഷിക്കും വായ്പകൾ നൽകുന്നതിന് ഇൻസെന്റീവ് നൽകി വരികയും, കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങുന്ന സംഘങ്ങൾക്ക് പരമാവധി 4 ലക്ഷം രൂപ വരെ പ്രോത്സാഹനം നൽകുകയും ചെയ്തുവരുന്നു. മാത്രമല്ല നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകി വരികയും, ഹ്രസ്വകാല കാർഷിക വായ്പാ പരിധി 10 ലക്ഷം രൂപയായി ഉയർത്തുകയും, ജാമ്യമില്ലാതെ നൽകാവുന്ന കാർഷിക വായ്പകളുടെ പരിധി 1 ലക്ഷമായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന കടിശ്ശിക നിവാരണ പദ്ധതികളിലൂടെ സംഘങ്ങൾ/ബാങ്കുകൾക്ക് ലഭിക്കുവാനുള്ള കിട്ടാക്കടങ്ങൾ ഈടാക്കുന്നതിനുള്ള പദ്ധതികളും നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിന് നിക്ഷേപ സമാഹരണ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) ഇവർക്ക് സർക്കാർ ഓഹരി മൂലധനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയ്ക്ക് സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തിയും നബാർഡിന്റെ എൻ.ആർ.സി. (എൽ.റ്റി.ഒ) ഫണ്ടിൽ നിന്നും സർക്കാർ ഓഹരി മൂലധനം ഇപ്പോൾ നൽകി വരുന്നുണ്ട്. ഇതിനു പുറമേ സംസ്ഥാന വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംഘങ്ങൾക്ക്

ഓരോ പദ്ധതി നടപ്പിലാക്കുന്നതിന് നൽകുന്ന ധനസഹായങ്ങൾ ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിൽ ധനസഹായം നൽകി വരുന്നു.

(സി) ഇതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(സി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്ക് പരമാവധി 2 ലക്ഷം രൂപ വരെ സർക്കാർ ഓഹരി മൂലധനം അനുവദിക്കുന്നതിനും സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ള/സംഘടിപ്പിച്ചിട്ടുള്ള വായ്പകൾക്ക് പരമാവധി 2 ലക്ഷം രൂപ വരെയും ഓഹരിയിനത്തിൽ നൽകി വരുന്നു. ഇതിനു പുറമേ എൻ.ആർ.സി. (എൽ.റ്റി.ഒ) ഫണ്ടിൽ നിന്നും, ഓഹരിയിനത്തിൽ, അതാതു വർഷത്തെ നിബന്ധനകൾക്കനുസൃതമായി പരമാവധി 2 ലക്ഷം രൂപ വരെയും അനുവദിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ